## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 592

27-10-2011 ൽ മറുപടിയ്ക്ക്

## ഭക്ഷ്യ സുരക്ഷാപദ്ധതി

ചോദ്യം
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ. പി.ബി. അബ്ദുൾ റസാക്

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ നടപ്പുവർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകളെ ക്കുറിച്ച് വിശദമാക്കുമോ;

(എ) നടപ്പു സാമ്പത്തിക വർഷം ശീർഷകം 2401-00-102-82 പ്ലാനിൽ 2800 ലക്ഷം രൂപയുടെ ഭക്ഷ്യ സുരക്ഷാ പദ്ധതികളാണ് നടപ്പാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 1. | തരിശുഭൂമി കൃഷി ഒഴികെ ഭക്ഷ്യസുരക്ഷയ്ക്കു വേണ്ടിയുള്ള വിജയകര മായ മോഡലുകളുടെ നടപ്പാക്കൽ | 500 ലക്ഷം |
| 2 | വനിതാ സംഘങ്ങളി ലൂടെയുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതികൾ<br>നെല്ലിന്<br>പച്ചക്കറിക്ക് | <br><br>100 ലക്ഷം<br>400 ലക്ഷം |
| 3 | മൈക്രോ ന്യൂട്രിയൻസ് ഉൾപ്പെടെയുള്ള മണ്ണ് പരിശോധനാ വിശകലന പദ്ധതി | 150 ലക്ഷം |
| 4 | നെൽകർഷരുമായി ബന്ധപ്പെട്ട ക്ഷീര വികസ നം, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നീ മേഖലകളിലേക്കുള്ള പദ്ധതികൾ | 250 ലക്ഷം |
| 5 | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മുഖാന്തിരമുള്ള കാർഷിക സ്ഥിതി വിവര കണക്കുശേഖരണം | 25 ലക്ഷം |
| 6 | കരകൃഷി നെല്ലുൽപാദനം | 400 ലക്ഷം |
| 7 | യന്ത്രവൽക്കരണ സേവനസഹായ പദ്ധതി | 150 ലക്ഷം |

| | | |
|---|---|---|
| 8 | ജലസേചന സഹായം | 600 ലക്ഷം |
| 9 | മറ്റ് പദ്ധതികളിലെ നൂതന പരിഹാരമാർഗ്ഗങ്ങൾ | 200 ലക്ഷം |
| 10 | ബോധവത്ക്കരണ-പ്രചാരണ പരിപാടികൾ | 25 ലക്ഷം |
| | ആകെ | 2800 ലക്ഷം |

(ബി) പ്രസ്തുത പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്ന ഉല്പാദനവർദ്ധനയും, അത് ഏതെല്ലാം മേഖലയിൽ നിന്നാണെന്നതും സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിയിലൂടെ നെല്ല്, പച്ചക്കറി എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിച്ച് ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2010-11 വർഷം നെൽകൃഷി വിസ്തൃതി 2.34 ലക്ഷം ഹെക്ടറായിരുന്നത് നടപ്പുസാമ്പത്തിക വർഷം 3.0 ലക്ഷം ഹെക്ടറായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ നെല്ലുല്പാദനം 9.00 ലക്ഷം ടണ്ണായി ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ ആകെ പച്ചക്കറികൃഷി വിസ്തൃതി 2010-11 സാമ്പത്തിക വർഷം 59139 ഹെക്ടർ ആയിരുന്നത് നടപ്പു സാമ്പത്തിക വർഷം 64139 ഹെക്ടറായി ഉയർത്താനും ഉല്പാദനം 7.74 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 8.5 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) കരകൃഷി വികസനത്തിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) കരകൃഷി വികസനത്തിൽ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിള നെല്ലാണ്. ഇതിനായി പദ്ധതി ശീർഷകത്തിൽ 400 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഹെക്ടറിന് 5000 രൂപ ധനസഹായം നൽകുന്ന ഈ പദ്ധതി 8000 ഹെക്ടറിൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) വനിതകളുടെ, പ്രത്യേകിച്ച് ഗ്രാമവാസികളുടെ, അദ്ധ്വാനശേഷി ഏതെല്ലാം വിധത്തിൽ ഈ പദ്ധതിക്ക് പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ വനിതകളുടെ അദ്ധ്വാനശേഷി പ്രയോജനപ്പെടുത്തി വനിതാഗ്രൂപ്പുകൾ മുഖാന്തിരം പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 400 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. അതുപോലെ 100 ലക്ഷം രൂപ ചിലവാക്കി വനിതാഗ്രൂപ്പുകൾ മുഖാന്തിരമുള്ള നെൽകൃഷി വികസനവും നടപ്പാക്കി വരുന്നു. ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ വനിതകളുടെ അദ്ധ്വാനശേഷി ഉപയോഗപ്പെടുത്തി കൊണ്ടുള്ള 500 ലക്ഷം രൂപയുടെ പദ്ധതികളാണ് ശീർഷകം 2401-00-102-82 പ്രകാരം നടപ്പാക്കുന്നത്.

| | | | |
|---|---|---|---|
| (ഇ) | കഴിഞ്ഞ വർഷം ഈ പദ്ധതിക്ക് എന്തു തുക നീക്കി വച്ചു എന്നും എന്തു തുക ചെലവഴിച്ചു എന്നും, നേടിയ ലക്ഷ്യമെന്താണെന്നും വിശദമാക്കുമോ? | (ഇ) | കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) ഈ പദ്ധതിക്ക് നീക്കി വച്ച തുക ശീർഷകം 2401-00-102-82 പ്ലാനിൽ 2800 ലക്ഷം ആണ്. ഇതിൽ 2605.69 ലക്ഷം രൂപ ചിലവഴിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ ഫലമായി 11735 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷിയും 6991 ഹെക്ടർ സ്ഥലത്ത് കര നെൽകൃഷിയും നടപ്പാക്കി. നെൽകൃഷി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനും നെല്ലിന്റെ ഉത്പാദനക്ഷമത ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഉത്പാദനക്ഷമത ഹെക്ടറിന് 2557 കിലോഗ്രാമായി ഉയർന്നിട്ടുണ്ട്.<br><br>ഈ കാലയളവിൽ പച്ചക്കറിയുടെ ഉത്പാദനം 7.74 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിനും 59139 ഹെക്ടർ വിസ്തൃതിയിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ